(ഡി) വകുപ്പിനെ ഏൽപ്പിച്ച തുക യഥാസമയം വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ചെലവാക്കിയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കഴിഞ്ഞ സാമ്പത്തികവർഷം ഈ ഇനത്തിലെ സാമ്പത്തിക ഭൗതിക ലക്ഷ്യം എത്രയാണെന്നും സാമ്പത്തിക ഭൗതിക നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003-2004 സാമ്പത്തികവർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന 8,857.50 ലക്ഷം രൂപയിൽ 4,443.75 ലക്ഷം രൂപ (50%) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികൾ നടപ്പാക്കുന്നതിന് വകയിരുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല. 2001-2002 സാമ്പത്തികവർഷം പട്ടികവർഗ്ഗ ഉപപദ്ധതിയിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന 40 കോടിരൂപ തിരിച്ചെടുത്ത് പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസനവകുപ്പിനെ ഏൽപ്പിച്ചിരുന്നു. എന്നാൽ വകുപ്പിന് ഈ തുക ചെലവഴിക്കുന്നതിന് മൂന്നുമാസക്കാലം മാത്രമേ ലഭിച്ചുള്ളു. അതിനാൽ പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞില്ല.

(ഇ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ്

82 (1770) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പാസ്സായി ഉപരിപഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്ക് നൽകിവരുന്ന സ്റ്റൈപന്റ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്റ്റൈപന്റ് നൽകുന്നതിന് കുട്ടികളുടെ രക്ഷിതാക്കളുടെ വരുമാനം കണക്കാറുണ്ടോ ;

(സി) എങ്കിൽ വരുമാനപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഠിക്കുന്ന സ്ഥാപനത്തിന്റെ 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് 270 രൂപയും 8 കിലോമീറ്ററിനുവെളിയിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 315 രൂപയുമാണ് പ്രതിമാസം സ്റ്റൈപന്റായി നൽകിവരുന്നത്.

(ബി) കേന്ദ്രസർക്കാരിന്റെ നിബന്ധനപ്രകാരം വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനസർക്കാരിന്റെ വിഹിതം ചേർത്ത് വരുമാനപരിധി നോക്കാതെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഉദിക്കുന്നില്ല.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ നടപടി

83 (1771) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണംചെയ്യാനുള്ള കുടിശ്ശിക തുക എത്രയാണ് ;

(ബി) പ്രൈമറി, ഹൈസ്ക്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് തലങ്ങളിലുള്ള കുടിശ്ശിക തുക എത്രയാണെന്നും ഏതൊക്കെ ഇനത്തിലാണ് കുടിശ്ശികയെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഈ കുടിശ്ശിക തുക പൂർണ്ണമായും കൊടുത്തുതീർക്കുവാനും ആനുകൂല്യങ്ങൾ യഥാസമയം നൽകുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 5,03,33,786 രൂപയും 1,00,14,329 രൂപയും വിതരണം ചെയ്യാനുണ്ട്.

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് (പ്രൈമറി, ഹൈസ്ക്കൂൾ) തലം : 16,06,535

കോളേജ് : 2,69,48,626

പ്രൊഫഷണൽ കോളേജ് : 2,17,78,625

ആകെ : 5,03,33,786 രൂപയും

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്

പ്രൈമറി തലം : 31,98,308

ഹൈസ്ക്കൂൾ തലം : 16,91,380

കോളേജ് തലം : 30,11,272

പ്രൊഫഷണൽ കോളേജ് തലം : 21,13,369

ആകെ : 1,00,14,329 രൂപയും കുടിശ്ശിക വിതരണം ചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly